**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഭക്ഷ്യ വിഷ ബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില ജില്ലകളിലെ സ്കൂളുകളിൽ വിതരണം ചെയ്ത ഭക്ഷണം കഴിച്ചതിനെ തുടർന്ന് കുട്ടികൾക്ക് ഭക്ഷ്യ വിഷബാധ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2022 ജൂൺ 2 ,3, 4 തീയതികളിലായി തിരുവനന്തപുരം ജില്ലയിലെ എൽ എം എസ്.എൽ.പി.എസ് ഉച്ചക്കട, ആലപ്പുഴ ജില്ലയിലെ കായംകുളം ഗവ ടൌൺ യു. പി.സ്കൂൾ, സെന്റ് മേരീസ് എൽ.പി.എസ് കല്ലിശേരി , കാസർഗോഡ് ജില്ലയിലെ ജി.എൽ.പി.എസ് പടന്നക്കാട് എന്നി സ്കൂളുകളിലെ ചില കുട്ടികൾക്ക് ഛർദി യും പനിയും തലവേദനയും അനുഭവ പ്പെട്ടതിനെ തുടർന്നാണ് ചികിത്സ തേടിയത് . ഇതിൽ എൽ എം.എസ്. എൽ.പി.എസ് ഉച്ചക്കടയിൽ 420 കുട്ടികളിൽ 375 കുട്ടികൾ ഉച്ചഭക്ഷണം കഴിച്ചു. ഇതിൽ 44 കുട്ടികൾ മേൽ പറഞ്ഞ ലക്ഷണങ്ങളോടെ ചികിത്സ തേടി . കായംകുളം ഗവ ടൌൺ യു.പി സ്കൂളിൽ 604 കുട്ടികളിൽ 59 കുട്ടികൾ ഉച്ച ഭക്ഷണം കഴിച്ചു ഇതിൽ 26 കുട്ടികൾ ചികിത്സ തേടി. സെന്റ് മേരീസ് എൽ.പി.എസ് കല്ലിശേരിയിൽ 123 കുട്ടികളിൽ 42 പേർ ഉച്ചഭക്ഷണം കഴിച്ചു ഇതിൽ നാലു കുട്ടികൾക്ക് രോഗലക്ഷണം ഉണ്ടായി വീട്ടിൽ വിശ്രമിച്ചു . ജി.എൽ.പി.എസ് പടന്ന ക്കാടിൽ 248 കുട്ടികളുള്ള ഈ സ്കൂളിലെ മുഴുവൻ കുട്ടികളും സ്കൂളിൽ നിന്നും ഉച്ച ഭക്ഷണം കഴിച്ചു . ഇതിൽ 22 കുട്ടികൾ ചികിത്സ തേടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (ബി) | എങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് ഇത്തരത്തിൽ | (ബി) | 2022 ജൂൺ 2 ,3, 4 തീയതികളിലായി |

| | | | |
|---|---|---|---|
| | സംഭവിച്ചതെന്നും എത്ര കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയേറ്റു എന്നും വ്യക്തമാക്കുമോ; | | തിരുവനന്തപുരം ജില്ലയിലെ എൽ എം എസ്.എൽ.പി.എസ് ഉച്ചക്കട, ആലപ്പുഴ ജില്ലയിലെ കായംകുളം ഗവ ടൌൺ യു. പി.സ്കൂൾ, സെന്റ് മേരീസ് എൽ.പി.എസ് കല്ലിശേരി , കാസർഗോഡ് ജില്ലയിലെ ജി.എൽ.പി.എസ് പടന്നക്കാട് എന്നി സ്കൂളുകളിലെ ചില കുട്ടികൾക്ക് ഛർദി യും പനിയും തലവേദനയും അനുഭവ പ്പെട്ടതിനെ തുടർന്നാണ് ചികിത്സ തേടിയത് . ഇതിൽ എൽ എം.എസ്. എൽ.പി.എസ് ഉച്ചക്കടയിൽ 420 കുട്ടികളിൽ 375 കുട്ടികൾ ഉച്ചഭക്ഷണം കഴിച്ചു. ഇതിൽ 44 കുട്ടികൾ മേൽ പറഞ്ഞ ലക്ഷണങ്ങളോടെ ചികിത്സ തേടി . കായംകുളം ഗവ ടൌൺ യു.പി സ്കൂളിൽ 604 കുട്ടികളിൽ 59 കുട്ടികൾ ഉച്ച ഭക്ഷണം കഴിച്ചു ഇതിൽ 26 കുട്ടികൾ ചികിത്സ തേടി. സെന്റ് മേരീസ് എൽ.പി.എസ് കല്ലിശേരിയിൽ 123 കുട്ടികളിൽ 42 പേർ ഉച്ചഭക്ഷണം കഴിച്ചു ഇതിൽ നാലു കുട്ടികൾക്ക് രോഗലക്ഷണം ഉണ്ടായി വീട്ടിൽ വിശ്രമിച്ചു . ജി.എൽ.പി.എസ് പടന്ന ക്കാടിൽ 248 കുട്ടികളുള്ള ഈ സ്കൂളിലെ മുഴുവൻ കുട്ടികളും സ്കൂളിൽ നിന്നും ഉച്ച ഭക്ഷണം കഴിച്ചു . ഇതിൽ 22 കുട്ടികൾ ചികിത്സ തേടിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| (സി) | എന്താണ് ഇതിന് കാരണമായതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച മുൻ കരുതലുകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ? | (സി) | സ്കൂളിൽ നിന്നും ഉച്ചഭക്ഷണം കഴിച്ചത് കൊണ്ടാണ് ഭക്ഷ്യ വിഷബാധ എന്ന് സ്ഥിരീകരിച്ചിട്ടില്ല. ഉച്ചഭക്ഷണ പദ്ധതി യുടെ ചാർജ്ജുള്ള അദ്ധ്യാപകൻ / അദ്ധ്യാപികയെ കൂടാതെ ഒന്നോ രണ്ടോ എസ്.എം.സി അംഗങ്ങൾ കൂടി ഭക്ഷണം രുചിച്ച് നോക്കുകയും അതിന്റെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പ വരുത്തുകയും ചെയ്യുന്നു. ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പ വരുത്തുന്നതിലേക്ക്, ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് (സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും അവ ഇല്ലാത്തിടങ്ങളിൽ 'മിൽമ'യിൽ നിന്നും പാൽ വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. FSSAI അംഗീകൃതവും NABL |

| | | | |
|---|---|---|---|
| | | | അക്രഡിറ്റേ ഷനുമുള്ള ലാബോറട്ടറി യിൽ ഭക്ഷണ സാമ്പിളുകൾ മൈക്രോ ബയോളജി ക്കൽ പരിശോധനയ്ക്ക് വിധേയമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ